(ഡി) ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്കുവേണ്ടി വിവിധ സ്വയംതൊഴിൽ പദ്ധതികളും തൊഴിൽ പരിശീലന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ പിന്നോക്ക ധനവികസന കോർപ്പറേഷൻ അംഗീകരിച്ച് 69 തരം സ്വയംതൊഴിൽ പദ്ധതികൾ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട് ; കോർപ്പറേഷന്റെ ലഘൂകരിച്ച വായ്പ പദ്ധതി പ്രകാരം 50,000 രൂപ വരെയുള്ള വായ്പകൾ നേരിട്ടും 50,000 രൂപ മുതൽ 5,00,000 രൂപ വരെയുള്ള വായ്പകൾ ദേശീയ കോർപ്പറേഷന്റെ അനുമതിയോടുകൂടിയും നൽകിവരുന്നുമുണ്ട്.

ഡോക്ടർ അംബേദ്ക്കറുടെ പേരിൽ ഒരു സാങ്കേതിക വിദ്യാഭ്യാസകേന്ദ്രം

3 (151) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പിന്റെ കീഴിൽ കേരളത്തിൽ ഡോക്ടർ അംബേദ്ക്കറുടെ പേരിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കണമെന്ന കായംകുളം എം. എൽ. എ. യുടെ നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്രകാരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

മുസ്ലീം നാടാർ സ്കോളർഷിപ്പുകൾ

4 (152) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം-നാടാർ സ്കോളർഷിപ്പുകൾ ഈ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സമയത്ത് വിതരണം ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം അന്വേഷിച്ച് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപന്റും

5 (153) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഓരോ കോഴ്സിനും എത്ര രൂപ വീതമാണ് ലംപ്സംഗ്രാന്റും സ്റ്റൈപന്റും ഇനത്തിൽ നൽകുന്നത് ;

(ബി) ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ലംപ്സംഗ്രാന്റും സ്റ്റൈപന്റും സമയത്തിന് നൽകുവാൻ സർക്കാർ എന്ത് നടപടികളാണ് ഈ അദ്ധ്യയന വർഷം സ്വീകരിച്ചിട്ടുള്ളത്. എന്തു തുക ഇതിനായി മാറ്റി വച്ചിട്ടുണ്ട് ;

(ഡി) സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് എന്നിവ കാലാനുസൃതമായി പുതുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഓരോ കോഴ്സിനും ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകുന്നത് 18-10-1994 ലെ സ.ഉ.(കൈ) നം.39/94/പജ.പവ.വിവ. 17-9-1996-ലെ സ.ഉ.(കൈ) നം.47/96/പജ.പവ.വിവ. എന്നീ ഉത്തരവുകൾ പ്രകാരമാണ്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ യഥാസമയം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട പോസ്റ്റ് മെട്രിക് സ്ഥാപനങ്ങൾക്കും സ്കൂൾ തലത്തിൽ ലംപ്സംഗ്രാന്റ് വിതരണത്തിനാവശ്യമായ തുക എല്ലാ സ്കൂൾ അധികൃതർക്കും എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിലേയും പട്ടികവർഗ്ഗ വികസന വകുപ്പിലേയും താലൂക്ക് വികസന ആഫീസർമാർക്കും ജില്ലാ വികസന ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly